# പതിനാലാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 28-01-2019 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 362

## ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പ്രദീപ്കുമാർ :<br>ശ്രീ. വി.ജോയി :<br>ശ്രീ. എ.എൻ.ഷംസീർ :<br>ശ്രീ. വി.അബ്ദുറഹിമാൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും അതുവഴി പ്രാദേശിക സാമ്പത്തിക വ്യാപാര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംസ്ഥാനത്തെ ചെറുകിട, ഇടത്തരം തുറമുഖങ്ങൾ മുഖേനയുള്ള ചരക്ക് ഗതാഗതം എത്രത്തോളം പങ്കുവഹിക്കുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ തീരദേശ കപ്പൽ ഗതാഗതം വികസിപ്പിക്കുന്നത് സംബന്ധിച്ച് 'ഡിലോയിറ്റ്' ഒരു പഠനം നടത്തിയിട്ടുണ്ട്. |
| (ബി) പൊതു-സ്വകാര്യ മേഖലാ പങ്കാളിത്തത്തോടെ വൻകിടേതര തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (ബി) വിഴിഞ്ഞത്തെ നിർദ്ദിഷ്ട രാജ്യാന്തര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. പൊന്നാനി തുറമുഖം പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അഴീക്കൽ തുറമുഖ നിർമ്മാണത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് DPR തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. |
| (സി) ചെറുകിട തുറമുഖങ്ങളിൽ നിന്നുള്ള റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (സി) തീരദേശ ഗതാഗത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ചരക്ക് നീക്കം മെച്ചപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ